3074/എം/2014/കെഎസ്എച്ച്ഒ 22/12/2016

# പരിപത്രം

വിഷയം:- കുടുംബശ്രീ - അയൽക്കൂട്ട സ്വയം നവീകരണവും സ്പെഷ്യൽ അയൽക്കൂട്ട രൂപീകരണവും - ക്യാമ്പെയിൻ - സംബന്ധിച്ച് -

കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തെ സമയബന്ധിതമായി സ്വയം നവീകരിക്കുക എന്ന ലക്ഷ്യത്തോടു കൂടി 2017 ജനുവരി 1-മുതൽ ജനുവരി 31-വരെ നീണ്ടു നിൽക്കുന്ന ഒരു ക്യാമ്പെയിൻ നടത്തുന്നു. 2.58 ലക്ഷം അയൽക്കൂട്ടങ്ങളിലായി 39.97 ലക്ഷം കുടുംബങ്ങൾ കുടുംബശ്രീയിൽ അംഗങ്ങളായി പ്രവർത്തിക്കുന്നു സ്ത്രീ ശാക്തീകരണം, സാമ്പത്തിക സ്വാശ്രയത്വം, പങ്കാളിത്ത വികസനം, പങ്കാളിത്ത ഭരണം തുടങ്ങി വിവിധ മേഖലകളിൽ കുടുംബശ്രീ നടത്തിയിട്ടുള്ള ഇടപെടലും പ്രവർത്തനങ്ങളും ലോക രാജ്യങ്ങൾ ഉറ്റുനോക്കുന്ന മികച്ച മാതൃകയായി മാറിയിട്ടുണ്ട്. എന്നാൽ ബഹു അംഗത്വം, പ്രവർത്തനങ്ങളുടെ കൃത്യതയും ലക്ഷ്യവും ഉറപ്പാക്കുന്നതിലുണ്ടായ വീഴ്ചകൾ തുടങ്ങി നിരവധി പ്രശ്നങ്ങൾ കുടുംബശ്രീ സംഘടനാ സംവിധാനം ഇന്ന് നേരിടുന്നുണ്ട്. ഈ വെല്ലുവിളികളെ സധൈര്യം നേരിടുന്നതിനും വളർച്ചയിൽ പുതിയ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുമാണ് ഈ സമഗ്ര ക്യാമ്പെയിൻ നടപ്പിലാക്കുന്നത്. അതോടൊപ്പം തന്നെ നവകേരള ആക്ഷൻ പ്ലാൻ ലക്ഷ്യം വെയ്ക്കുന്ന വിശാല ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിൽ കുടുംബശ്രീ സംഘടനാ സംവിധാനത്തിനുള്ള പങ്ക് ഉറപ്പിക്കുന്നതിനും ഈ നവീകരണ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം വയ്ക്കുന്നു.

**അയൽക്കൂട്ട സ്വയംനവീകരണ പ്രവർത്തനങ്ങൾ**

- **റിസോഴ്സ്പേഴ്സൺമാരുടെ നിയമനം**

എല്ലാ സിഡിഎസ്സുകളിലും ഒരു റിസോഴ്സ്പേഴ്സണിന് അയൽക്കൂട്ട സ്വയംനവീകരണ പ്രവർത്തനങ്ങളുടെ ചുമതല ജില്ലാമിഷൻ നൽകേണ്ടതാണ്. പരിശീലന ഗ്രൂപ്പ് അംഗങ്ങൾ (മാസ്റ്റർ പരിശീലകർ ഒഴികെ) എം.ഇ.സി., ജെൻഡർ ആർ.പി., ബാലസഭ ആർ.പി., കാസ്

എന്നിവരിൽ നിന്നും ടി റിസോഴ്സ് അംഗത്തെ തെരഞ്ഞെടുക്കേണ്ടതാണ്. ***2016 ഡിസംബർ 31 നകം*** സിഡിഎസ് തല ആർപിമാരുടെ തെരഞ്ഞെടുപ്പ് പൂർത്തീകരിക്കണം.

- **ജില്ലാതല ആസൂത്രണവും ആർപി പരിശീലനവും**

***2017 ജനുവരി 5 ന്*** തെരഞ്ഞെടുത്ത റിസോഴ്സ്പേഴ്സൺമാരുടെ ഏകദിന പരിശീലനം ജില്ലാമിഷൻ സംഘടിപ്പിക്കേണ്ടതാണ്.

- **സിഡിഎസ് തല ഫോർമാറ്റ് പരിചയപ്പെടുത്തൽ പരിശീലനം**

സിഡിഎസ് ചെയർപേഴ്സൺ, സിഡിഎസ് എക്സിക്യൂട്ടീവ് അംഗങ്ങൾ, അയൽക്കൂട്ട സെക്രട്ടറി എന്നിവർക്കുള്ള അയൽക്കൂട്ട സ്വയംനവീകരണ ഫോർമാറ്റ് പരിചയപ്പെടുത്തൽ പരിശീലനം 2017 ജനുവരി 10 നും 20 നും ഇടയിൽ സിഡിഎസ് തലങ്ങളിൽ സംഘടിപ്പിക്കേണ്ടതാണ്. പ്രസ്തുത പരിശീലനം സംഘടിപ്പിക്കുന്നതിന് 100 അയൽക്കൂട്ടത്തിന് ഒരു ദിവസമെന്ന രീതിയിൽ ആർ.പിയ്ക്ക് 500+150 റ്റി.എ. (ഒരു ദിവസം) നൽകാവുന്നതാണ്. കൂടാതെ 15/- രൂപ (ഒരാൾക്ക്) റിഫ്രെഷ്മെന്റ് ഇനത്തിലും നൽകാവുന്നതാണ്.

- **സ്പെഷ്യൽ അയൽക്കൂട്ട ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ്**

കുടുംബശ്രീ സംഘടനാസംവിധാനത്തിൽ 40 ലക്ഷം അംഗങ്ങൾ നിലവിലുണ്ട്. പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകി പ്രത്യേക അയൽക്കൂട്ട രൂപീകരണം കുടുംബശ്രീയുടെ ഈ വർഷത്തെ മുഖ്യപ്രവർത്തന മേഖലയാണ്. ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർ, വയോജനങ്ങൾ, ന്യൂനപക്ഷം, എസ്.സി.-എസ്.റ്റി, ട്രാൻസ്ജെൻഡർ, എന്നീ വിഭാഗങ്ങളിലുള്ള അയൽക്കൂട്ട രൂപീകരണമാണ് ഈ ക്യാമ്പെയിന്റെ ഭാഗമായി ഏറ്റെടുത്ത് നടത്തുന്നത്. ഈ ലക്ഷ്യ സാക്ഷാത്കാരത്തിനായി ജനുവരി 10 മുതൽ 20 വരെ എല്ലാ സിഡിഎസ് തലങ്ങളിലും ഈ വിഭാഗത്തിൽപ്പെട്ട ആളുകൾ കുടുംബശ്രീ സംഘടനാസംവിധാനത്തിന്റെ ഭാഗമായി വന്നിട്ടില്ലായെങ്കിൽ അവരെ കണ്ടെത്തി അയൽക്കൂട്ട രൂപീകരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

- **സ്പെഷ്യൽ അയൽക്കൂട്ട രുപീകരണം**

  സ്പെഷ്യൽ അയൽക്കൂട്ട ഗുണഭോക്തൃ തെരഞ്ഞെടുപ്പിന്റെ ഭാഗമായി കണ്ടെത്തിയ വിഭാഗങ്ങളെ ഉൾക്കൊളളിച്ച് ജനുവരി 21 മുതൽ 30 വരെ അയൽക്കൂട്ട രുപീകരണം സംഘടിപ്പിക്കേണ്ടതാണ്. മുകളിൽ തെരഞ്ഞെടുത്തിരിക്കുന്ന സിഡിഎസ് ആർപിമാരുടെ സേവനം പ്രത്യേക അയൽക്കൂട്ട രുപീകരണത്തിന് വേണ്ടി ജില്ലാമിഷന് ഉപയോഗിക്കാവുന്നതാണ്. പരമാവധി 2 ദിവസം ആർ.പി.മാർക്ക് ഹോണറേറിയം നൽകാവുന്നതാണ്. (ഒരു ദിവസം 500+150 യാത്രാബത്ത).

- **അയൽക്കൂട്ട സ്വയംനവീകരണവും, ഗ്രഡേഷനും**

  അയൽക്കൂട്ട സംഘടനാസംവിധാനത്തിന്റെ പ്രവർത്തനങ്ങളിലെ പോരായ്മകളെ കണ്ടെത്തി അയൽക്കൂട്ടങ്ങളെ സ്വയംനവീകരിക്കുന്നതിനും അയൽക്കൂട്ട പ്രവർത്തനങ്ങളെ ഗ്രഡേഷൻ ചെയ്യുന്നതിനുമായി കേരളത്തിലെ മുഴുവൻ അയൽക്കൂട്ടങ്ങളും ***2017 ജനുവരി 28 ന്*** പ്രത്യേക അയൽക്കൂട്ട യോഗങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. രാവിലെ 10 മുതൽ വൈകിട്ട് 5 മണിവരെ പ്രസ്തുത അയൽക്കൂട്ട യോഗം ചേരേണ്ടതാണ്. ജില്ലയിലെ എല്ലാ ജനപ്രതിനിധികളെയും ഈ അയൽക്കൂട്ട യോഗങ്ങളിൽ ഏതിലെങ്കിലും പങ്കെടുപ്പിക്കേണ്ടതാണ്. ഉച്ചവരെ അയൽക്കൂട്ട പ്രവർത്തനങ്ങളുടെ വിലയിരുത്തലും, ഭാവിപ്രവർത്തന ചർച്ചകളും, ഉച്ചയ്ക്ക് ശേഷം അയൽക്കൂട്ട ഗ്രഡേഷനും സംഘടിപ്പിക്കേണ്ടതാണ്.

- **അയൽക്കൂട്ട ഗ്രഡേഷൻ എം.ഐ.എസ്. നാളിതീകരണം**

  ജനുവരി 28 ന് അയൽക്കൂട്ടങ്ങൾ ഗ്രേഡ് ചെയ്ത ഫോർമാറ്റുകൾ കുടുംബശ്രീ ഐ.റ്റി.യൂണിറ്റ്, അക്ഷയകേന്ദ്രം, ഇന്റർനെറ്റ് കഫേ എന്നീ സ്ഥാപനങ്ങൾ വഴി അയൽക്കൂട്ടങ്ങൾ തന്നെ നാളിതീകരണം നടത്തണം. പ്രസ്തുത നാളിതീകരണം നടത്തുന്നതിനായുള്ള കമ്പ്യൂട്ടർ സ്ഥാപനങ്ങൾ ജനുവരി 24 ന് മുമ്പ് അയൽക്കൂട്ടങ്ങൾ കണ്ടെത്തേണ്ടതാണ്. കമ്പ്യൂട്ടർ നാളിതീകരണം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ സംസ്ഥാനമിഷനിൽ നിന്നും അറിയിക്കുന്നതാണ്.

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും

പകർപ്പ്

കരുതൽ/അധികം

ഉത്തരവിൻ പ്രകാരം

പ്രോഗ്രാം ഓഫീസർ (സംഘടന)

3074/എം/2014/കെഎസ്എച്ച്ഒ 27/12/2016

# പരിപത്രം

വിഷയം – കുടുംബശ്രീ – അയൽക്കൂട്ട നവീകരണം – ക്യാമ്പെയിൻ പ്രവർത്തനം – സംബന്ധിച്ച്

സൂചന – 3074/എം/2014/കെഎസ്എച്ച്ഒ 22/12/2016

സൂചന പരിപത്ര പ്രകാരം 2017 ജനുവരി 1 –മുതൽ 31 വരെ നീണ്ടു നില്ക്കുന്ന അയൽക്കൂട്ടതല ക്യാമ്പയിൻ സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾ എല്ലാ ജില്ലാ മിഷനുകളിലും ക്രമീകരണങ്ങൾ അടിയന്തിരമായി നടത്തേണ്ടതാണ്.

ജനുവരിൻ 28 ന്റെ പ്രത്യേക അയൽക്കൂട്ട യോഗത്തിൽ ജില്ലയിൽ നിന്നുള്ള ബഹു.മന്ത്രിമാർ, എം എൽ എ മാർ, എം പിമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, നഗരസഭാ അധ്യക്ഷന്മാർ എന്നിവരുടെ സാന്നിദ്ധ്യം അയൽക്കൂട്ട യോഗത്തിൽ ഏതിലെങ്കിലും മുൻക്കൂട്ടി ഉറപ്പാക്കണം. ഈ ഉത്തരവാദിത്തം ജില്ലാ മിഷൻ നേരിട്ട് നിർവ്വഹിക്കണം. ജനുവരി 20 നകം ജില്ലയിൽ വിശിഷ്ട വ്യക്തികൾ പങ്കെടുക്കുന്ന അയൽക്കൂട്ടങ്ങളുടെ വിശദവിവരം സംസ്ഥാന മിഷനിൽ അറിയിക്കണം. (സ്ഥലം, സമയം എന്നിവ സൂചിപ്പിക്കണം).

ത്രിതല പഞ്ചായത്ത് ഭാരവാഹികൾ (ജില്ല–ബ്ലോക്ക്– ഗ്രാമ), നഗരസഭാ ജനപ്രധിനിധികൾ എന്നിവരുടെ സാന്നിദ്ധ്യം ബന്ധപ്പെട്ട സി ഡി എസു കൾ മുൻകൂട്ടി ഉറപ്പാക്കണം.

കുടുംബശ്രീ ഗവേണിംഗ് ബോഡി അംഗങ്ങളെ അയൽക്കൂട്ട യോഗത്തിലേക്ക് പ്രത്യേകം ക്ഷണിക്കണം.

ജനപ്രതിനിധികൾ ഒരാളും ഒഴിവാക്കപ്പെടാൻ പാടില്ല.

വിശിഷ്ട വ്യക്തികൾ പങ്കെടുക്കുന്ന അയൽക്കൂട്ട യോഗങ്ങളുടെ സ്ഥലവും മറ്റ് സൗകര്യങ്ങളും മുൻക്കൂട്ടി ക്രമീകരിക്കുകയും പ്രവർത്തനങ്ങൾ ജില്ലാ മിഷൻ നേരിട്ട് വിലയിരുത്തുകയും വേണം.

അയൽക്കൂട്ട അംഗസംഖ്യ 50 ലക്ഷമായി ഉയർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം.

അയൽക്കൂട്ടതല ഗ്രേഡിംഗ് ഫോർമാറ്റ് ജില്ലാ അടിസ്ഥാനത്തിൽ പ്രിന്റ് ചെയ്ത് എല്ലാ അയൽക്കൂട്ടങ്ങൾക്കും നൽകണം. ഇതിനാവശ്യമായ തുക സംഘടനാ ശാക്തീകരണം ശീർഷകത്തിൽ നിന്നും കണ്ടെത്താവുന്നതാണ്. ഈ തുക ബാങ്കുകളിൽ നിന്നും സ്പോൺസർഷിപ്പ് മുഖേന കണ്ടെത്തുന്നതിനും ശ്രമിക്കാവുന്നതാണ്.

ഗ്രേഡിംഗ് ഫോർമാറ്റ് പരിചയപ്പെടുത്തുന്നതിനുള്ള പരിശീലനം സൂചന പരിപത്രത്തിൽ പരാമർശിച്ചിരിക്കുന്ന പ്രകാരം സംഘടിപ്പിക്കണം.

താഴെപ്പറയുന്ന സംസ്ഥാന മിഷൻ ഉദ്യോഗസ്ഥർക്ക് ക്യാമ്പയിൻ പ്രവർത്തനങ്ങൾ ജില്ലകളിൽ ഏകോപിപ്പിക്കുന്നതിനും ആസൂത്രണം ചെയ്യുന്നതിനും ചുമതലപ്പെടുത്തുന്നു.

തിരുവനന്തപുരം – ജി.എസ്. അമൃത (പി ഒ)

കൊല്ലം – പ്രമോദ്. കെ.വി (പി ഒ)

പത്തനംതിട്ട – പ്രിയ പോൾ (പി എം)

ആലപ്പുഴ – അജിത് ചാക്കോ (സി ഒ ഒ)

കോട്ടയം – സോയ തോമസ് (പി എം)

ഇടുക്കി – പ്രഭാകരൻ മേലേത്ത് (പി എം)

എറണാകുളം – ബിനു ഫ്രാൻസിസ് (പി ഒ)

തൃശൂർ – ബിബിന്ദ് വാസു(പി എം)

മലപ്പുറം – ജെയ്സൺ ടി.ജെ (പി എം)

കോഴിക്കോട് – ബിജേഷ്. ടി. ടി (കൺസൾട്ടന്റ്)

വയനാട് – രാജേഷ് കുമാർ പി (പി എം)

കണ്ണൂർ – ഡോ. രാഹുൽ. കെ (തീമാറ്റിക് ആങ്കർ)

കാസർഗോഡ് – ഷിബു എൻ പി (കൺസൾട്ടന്റ്)

ജില്ലാ ചുമതലയുള്ള ഉദ്യോഗസ്ഥർ ജില്ലാ മിഷൻ കോ – ഓഡിനേറ്ററുമായി ബന്ധപ്പെട്ട് ജില്ലകളിലെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ആലോചനാ യോഗങ്ങൾ സംഘടിപ്പിക്കുകയും വേണം. ജനുവരി 15 നകം ആലോചനാ യോഗങ്ങൾ ടി ഉദ്യോഗസ്ഥർ നേരിട്ട് പങ്കെടുത്ത് നടത്തണം.

ജില്ലാ ചുമതലയുള്ള ഉദ്യോഗസ്ഥർ ജനുവരി 28 ന് ചുമതലയുള്ള ജില്ലയിൽ പൂർണ്ണ സമയവും ഉണ്ടായിരിക്കണം.

ജില്ല, സംസ്ഥാന മിഷനിലെ എല്ലാ ഉദ്യോഗസ്ഥരും ജനുവരി 28–ന്റ് അയൽക്കൂട്ട യോഗത്തിൽ ഏതിലെങ്കിലും പങ്കെടുക്കേണ്ടതാണ്.

പ്രചരണത്തിനാവശ്യമായ പത്രസമ്മേളനം, വാർത്താകുറിപ്പുകൾ, പോസ്റ്ററുകൾ (സംസ്ഥാന മിഷനിൽ നിന്നുംലഭ്യമാക്കും) മറ്റ് നൂതന മാർഗ്ഗങ്ങൾ എന്നിവആസൂത്രണംചെയ്യണം.

(ഒപ്പ്)

എക്സിക്യൂട്ടീവ് ഡയറക്ടർ

കുടുംബശ്രീ

എല്ലാ ജില്ലാ മിഷൻ കോ–ഓർഡിനേറ്റർമാർക്കും

ബന്ധപ്പെട്ട സംസ്ഥാന മിഷൻ ജീവനക്കാർക്ക്

പകർപ്പ്

അക്കൗണ്ട്സ് സെക്ഷൻ

കരുതൽ/അധികം

ഉത്തരവിൻ പ്രകാരം

പ്രോഗ്രാം ഓഫീസർ (സംഘടന)

3074/എം/2014/കെഎസ്എച്ച്ഒ 3/1/2017

# പരിപത്രം

വിഷയം: കുടുംബശ്രീ – പുതിയ അയൽക്കൂട്ട രൂപീകരണം – റിസോഴ്സ് പേഴ്സൺമാർക്ക് ചുമതല നൽകുന്നത് – നിർദ്ദേശം – സംബന്ധിച്ച് –

സൂചന: 22/12/2016–ലെ ഇതേ നമ്പർ പരിപത്രം

കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തെ സമയബന്ധിതമായി സ്വയം നവീകരിക്കുക എന്ന ലക്ഷ്യത്തോടു കൂടി 2017 ജനുവരി 1–മുതൽ ജനുവരി 31–വരെ നീണ്ടു നിൽക്കുന്ന ഒരു ക്യാമ്പെയിൻ നടത്തുന്നു.കുടുംബശ്രീ സംഘടനാ സംവിധനത്തിന്റെ നവീകരണത്തിന്റെ ഭാഗമായി എല്ലാ എഡിഎസ്സുകളിലും പുതുതായി അയൽക്കൂട്ടങ്ങൾ രൂപീകരിക്കേണ്ടതും നിലവിലുള്ളവ ശക്തിപ്പെടുത്തുന്നതിനും വേണ്ട നടപടികൾ സൂചന (1) പ്രകാരമുള്ള പരിപത്രത്തോടൊപ്പം തന്നെ ജില്ലാ മിഷനുകൾ പുതുതായി എറ്റെടുത്ത് നടത്തേണ്ടതാണ്. നിലവിൽ സിഡിഎസ്സുകളിൽ തെരഞ്ഞെടുത്തിരിക്കുന്ന ആർപിമരുടെ സേവനം ഉപയോഗിച്ചുകൊണ്ട് പ്രസ്തുത പ്രവർത്തനം ഏറ്റെടുത്ത് നടത്തേണ്ടതാണ്. ഒരു വാർഡിൽ ഒരു ദിവസം എന്ന രീതിയിൽ ആർപിമാർക്ക് ഓണറേറിയം അനുവദിച്ചു നൽകാവുന്നതാണ്. ഒരു വാർഡിന് പരമാവധി 500/– രൂപ ആർപിമാർക്ക് നൽകാവുന്നതാണ്. പൊതു വിഭാഗത്തിൽ ഒരു വാർഡിൽ കുറഞ്ഞത് ഒരു അയൽക്കൂട്ടമെങ്കിലും രൂപീകരിക്കാത്ത ആർപിമാർക്ക് ഓണറേറിയം അനുവദിക്കേണ്ടതില്ല. പ്രത്യേക അയൽക്കൂട്ട രൂപീകരണം സൂചന (1) പ്രകാരം പ്രത്യേക ക്യാമ്പെയിനായി തന്നെ കണക്കാക്കേണ്ടതാണ്.

എക്സിക്യൂട്ടീവ് ഡയറക്ടർ

കുടുംബശ്രീ

എല്ലാ ജില്ലാ മിഷൻ കോ–ഓർഡിനേറ്റർമാർക്കും

അക്കൗണ്ട്സ് സെക്ഷൻ

പകർപ്പ്

കരുതൽ/അധികം

3074/എം/2014/കെഎസ്എച്ച്ഒ .23/1/2017

പരിപത്രം

വിഷയം: കുടുംബശ്രീ – ദിശ 2017 – ഡാറ്റാ എൻട്രി – സംബന്ധിച്ച് –

സൂചന: 30/12/2016–ലെ ഇതേ നമ്പർ പരിപത്രം

കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിന് ആവിഷ്കരിച്ചിരിക്കുന്ന ദിശ 2017 അയൽക്കൂട്ട സ്വയം നവീകരണവും ഗ്രഡേഷനും ക്യാമ്പെയിൻ സംബന്ധിച്ച് ഡാറ്റാ എൻട്രി സൂചന (1) പ്രകാരം ജില്ലാ മിഷനെ ചുമതലപ്പെടുത്തിയിരുന്നു. സിഡിഎസ് തലത്തിൽ പ്രസ്തുത ഡാറ്റാ എൻട്രി നടത്തുന്നതിന് കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ഒരാളെ സിഡിഎസ്സിന് ചുമതലപ്പെടുത്താവുന്നതാണ്. ഡാറ്റാ എൻട്രി നടത്തുന്നതിന് ഒരു അയൽക്കൂട്ടത്തിന് 3/– രൂപ എന്ന നിരക്കിൽ ജില്ലാ മിഷൻ തുക അനുവദിക്കേണ്ടതാണ്. ഡാറ്റാ എൻട്രി നടത്തുന്നതിന് ഗൂഗിൾ ഫോം ഉപയോഗിക്കേണ്ടതാണ്. ജി–മെയിൽ ഐ.ഡി: ിവഴഴൃമറശിഴ2017@ഴാമശഹ.രീാ പാസ്‌വേർഡ്: ഴൃമറശിഴ2017, ജനുവരി 31 നകം എല്ലാ സിഡിഎസ്സിലേയും ഡാറ്റാ എൻട്രി ജോലികൾ പൂർത്തീകരിക്കേണ്ടതാണ്. ഇതിനാവശ്യമായി വരുന്ന തുക ജില്ലാ മിഷനിൽ ലഭ്യമായ സംഘടനാ ശാക്തീകരണം ശീർഷകത്തിൽ വകയിരുത്തേണ്ടതാണ്.

(ഒപ്പ്)

എക്സിക്യൂട്ടീവ് ഡയറക്ടർ

കുടുംബശ്രീ

എല്ലാ ജില്ലാ മിഷൻ കോ–ഓർഡിനേറ്റർമാർക്കും

അക്കൗണ്ട്സ് സെക്ഷൻ

പകർപ്പ്

കരുതൽ/അധികം

ഉത്തരവിൻ പ്രകാരം

പ്രോഗ്രാം ഓഫീസർ (സംഘടന)

3074/എം/2014/കെഎസ്എച്ച്ഒ 23/1/2017

പരിപത്രം

വിഷയം: കുടുംബശ്രീ – പുതിയ അയൽക്കൂട്ട രൂപീകരണം – റിസോഴ്സ് പേഴ്സൺമാർക്ക് ചുമതല നൽകുന്നത് – നിർദ്ദേശം – സംബന്ധിച്ച് –

സൂചന: 22/12/2016–ലെ ഇതേ നമ്പർ പരിപത്രം

കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തെ സമയബന്ധിതമായി സ്വയം നവീകരിക്കുക എന്ന ലക്ഷ്യത്തോടു കൂടി 2017 ജനുവരി 1–മുതൽ ജനുവരി 31–വരെ നീണ്ടു നിൽക്കുന്ന ക്യാമ്പെയിൻ ജില്ലകളിൽ സംഘടിപ്പിച്ചുവരുന്നുണ്ട്. കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ നവീകരണത്തിന്റെ ഭാഗമായി എല്ലാ എഡിഎസ്സുകളിലും പുതുതായി പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിക്കേണ്ടതും നിലവിലുള്ളവ ശക്തിപ്പെടുത്തുന്നതിനും വേണ്ട നടപടികൾ സൂചന (1) പ്രകാരമുള്ള പരിപത്ര പ്രകാരം സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. ഇതിനായി ഒരു സിഡിഎസ്സിൽ രണ്ടു ദിവസം ആർപിമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിനും നിർദ്ദേശം നൽകിയിരുന്നു. ഈ പ്രവർത്തനത്തിനോടൊപ്പം തന്നെ സിഡിഎസ്സിലെ നിലവിലുള്ളതോ പുതിയതോ ആയ ആർപിമാരുടെ സേവനം ഉപയോഗിച്ച് പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിനും നിലവിലെ അയൽക്കൂട്ടങ്ങളെ ശാക്തീകരിക്കുന്നതിനുമുള്ള നടപടികൾ ജില്ലാ തലത്തിൽ സ്വീകരിക്കേണ്ടതാണ്. ഇതിനായി ഒരു വാർഡിൽ ഒരു ദിവസമെന്ന രീതിയിൽ ആർപിമാരുടെ സേവനം ഉപയോഗപ്പെടുത്തേണ്ടതാണ്. ഒരു വാർഡിന് പരമാവധി 500/– രൂപ എന്ന നിരക്കിൽ ആർപിമാർക്ക് നൽകാവുന്നതാണ്. ഒരു വാർഡിൽ കുറഞ്ഞത് മൂന്ന് അയൽക്കൂട്ടമെങ്കിലും രൂപീകരിച്ചുവെന്ന് ഡിഎംസിമാർ ഉറപ്പുവരുത്തേണ്ടതാണ്. പ്രത്യേക അയൽക്കൂട്ട രൂപീകരണം സൂചന (1) പ്രകാരമുള്ള പ്രത്യേക ക്യാമ്പയിനായി തന്നെ കണക്കാക്കേണ്ടതാണ്. ഇതിനാവശ്യമായി വരുന്ന തുക ജില്ലാ മിഷനിൽ ലഭ്യമായ പ്ലാൻ ഫണ്ടിലെ സംഘടനാ ശാക്തീകരണം ശീർഷകത്തിൽ വകയിരുത്തേണ്ടതാണ്.

(ഒപ്പ്)

എക്സിക്യൂട്ടീവ് ഡയറക്ടർ

കുടുംബശ്രീ

എല്ലാ ജില്ലാ മിഷൻ കോ–ഓർഡിനേറ്റർമാർക്കും

അക്കൗണ്ട്സ് സെക്ഷൻ

പകർപ്പ്

കരുതൽ/അധികം

ഉത്തരവിൻ പ്രകാരം

പ്രോഗ്രാം ഓഫീസർ (സംഘടന)